"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 27-01-2021

## സർക്കുലർ നം 10

വിവിധ ജയിൽ സ്ഥാപനങ്ങളിലെ തടവുകാർ അവരുടെ വേജസിലെ ഫാമിലി പോർഷൻ തുക ബന്ധുക്കൾക്ക് അയച്ചുകൊടുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയിൻമേൽ വേണ്ടത്ര പരിശോധന കൂടാതെ, സ്ഥാപനമേധാവികൾ തുക അനുവദിച്ച് നൽകുന്നതായും, ഫാമിലി വിഹിതത്തിൽ നിന്ന് അനുവദിക്കാവുന്ന പരിധിയിൽ കൂടുതൽ തുക റിലീസ്സ് വിഹിതത്തിൽ നിന്നുകൂടി അനുവദിച്ച് കൊടുക്കുന്ന രീതി അവലംബിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇപ്രകാരം തുക അനുവദിക്കുന്നതിൽ ഉദാസീന നിലപാട് സ്വീകരിക്കുന്നത് മൂലം തടവുകാർക്കിടയിൽ അനധികൃതമായ സാമ്പത്തിക ഇടപാടുകൾ നടക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ തടവുകാരുടെ ബന്ധുകളോ അഭിഭാഷകരോ അല്ലാത്തവരുടെ പേരിലും അനധികൃത ഇടപാടുകൾക്കായി വേജസ്സ് തുക അയക്കുന്നതായി സമീപകാലത്തെ നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്ന് തടവു ചാടിയ തടവുകാരുടെ വേജസ്സ് ഇടപാടുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയിരുന്നു. ആയതിനാൽ തടവുകാരുടെ വേജസ് അനുവദിക്കുന്ന വിഷയത്തിൽ ശക്തമായ നിരീക്ഷണവും, ശ്രദ്ധയും സ്ഥാപനമേധാവികൾ പുലർത്തേണ്ടതാണെന്ന് കർശന നിർദേശം നൽകുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി(പ്രിസൺസ്)
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല
എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും

E2-30613/2020/PrHQ

9a3b38